# നുശ്റഃ (സിഹ്ർ ചെയ്തുള്ള ചികിത്സ)

ജാബിർﷺവിൽ നിന്നും നിവേദനം:

أن رسول الله ﷺ سئل عن النشرة؟ فقال: «هي من عمل الشيطان».

''അല്ലാഹുവിന്റെ റസൂൽﷺ ''നുശ്റഃ''യെക്കുറിച്ച് ചോദിക്കപ്പെട്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു: "അത് പിശാചിന്റെ പ്രവൃത്തികളിൽപ്പെട്ടതാണ്.'' (ഇമാം അഹ്മദ്, ഇതിന്റെ സനദിനെ ജയ്യിദാക്കിയിരിക്കുന്നു) 'നുശ്റഃ' യെക്കുറിച്ച് അദ്ദേഹം ചോദിക്കപ്പെട്ടു. അദ്ദേഹം പറഞ്ഞു: ഇബ്നു മസ്ഊദ്ﷺ ഇതെല്ലാം വെറുത്തിരുന്നു.

ഇമാം ഖതാദﷺവിൽ നിന്നും നിവേദനം: അദ്ദേഹം പറയുന്നു: ഞാൻ ഇബ്നുൽ മുസയ്യിബിനോട് ചോദിച്ചു: ഒരാൾക്ക് സിഹ്ർ ബാധിച്ചിട്ടുണ്ട്, അല്ലെങ്കിൽ അയാൾ തന്റെ ഭാര്യയിൽ നിന്ന് (സംയോഗം ചെയ്യുവാൻ കഴിയാത്തവിധം) തടയപ്പെടുന്നു. എങ്കിൽ പ്രസ്തുത (ബാധ) അയാളിൽ നിന്ന് ഒഴിപ്പിക്കപ്പെടാമോ? അല്ലെങ്കിൽ 'നുശ്റഃ' പ്രയോഗിക്കാമോ? അദ്ദേഹം പറഞ്ഞു: ''അതിൽ കുഴപ്പമില്ല. അവർ അതുകൊണ്ട് ഉദ്ദേശിക്കുന്നത് ഇസ്ലാഹ് മാത്രമാണ്; ഉപകാരപ്രദമായത് വിരോധിക്കപ്പെട്ടിട്ടില്ല.'' (ബുഖാരി)

ഹസൻﷺവിൽ നിന്നും രിവായത്ത് ചെയ്യപ്പെട്ടിരിക്കുന്നു. അദ്ദേഹം പറഞ്ഞു: സാഹിർ അല്ലാതെ മാരണത്തെ ഒഴിപ്പിക്കില്ല.

ഇബ്നുൽഖയ്യിംﷺ പറഞ്ഞു: 'നുശ്റഃ' എന്നാൽ സിഹ്ർ ഏറ്റവനിൽനിന്ന് സിഹ്ർ ഒഴിപ്പിക്കലാണ്. അത് രണ്ട് രീതിയിലാണ്:

1. സിഹ്റിനെ സിഹ്റുകൊണ്ട് ഒഴിപ്പിക്കൽ. അതത്രെ പൈശാചിക പ്രവൃത്തികളിൽപ്പെട്ടത്. ഇമാം ഹസൻﷺവിന്റെ വാക്ക് അതിനെക്കുറിച്ചാണ്. സിഹ്റുകൊണ്ട് ബാധഅകറ്റുന്നവനും, ആരുടെ ബാധഅകറ്റുന്നുവോ അവനും പിശാചിലേക്ക് അവനിഷ്ടപ്പെടുന്നതുകൊണ്ട് സാമീപ്യം തേടും. അപ്പോൾ പിശാച് സിഹ്ർ ഏറ്റവനിൽ നിന്ന് തന്റെ പ്രവൃത്തി ഇല്ലാതെയാക്കും.

2. റുക്‌യ, മുഅവ്വിദാത്തുകൾ, മരുന്നുകൾ, മുബാഹായ ദുആകൾ എന്നിവകൊണ്ടുള്ള നുശ്റഃ. അത് അനുവദനീയമാണ്.

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

- ‘നുശ്റഃ’ ക്കുള്ള നിരോധനം
- ആശയക്കുഴപ്പം നീങ്ങുംവിധം നിരോധിക്കപ്പെട്ടതിനും ഇളവുനൽകപ്പെട്ടതിനും ഇടയിലെ വ്യത്യാസം വിവരിക്കൽ.

**ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് (റഹിമഹുല്ല)യുടെ കിതാബുത്തൗഹീദിൽ നിന്ന്**

**വിവർത്തനം**
**അബ്ദുൽ ജബ്ബാർ അബ്ദുല്ല**